# **കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രിയുടെ ഇറാഖ് സന്ദർശനം , ജൂൺ 19-20, 2013**

കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രി ശ്രീ സൽമാൻ ഖുർഷിദ് ജൂൺ ജൂൺ 19-20, 2013 ൽ ബാഗ്ദാദ് സന്ദർശിക്കും. റിപ്പബ്ലിക് ഓഫ് ഇറാഖ് വിദേശകാര്യ വകുപ്പ് മന്ത്രി ആദരണീയനായ ശ്രീ ഹോഷ്യാർ സെബാരിയുടെ (H.E. Mr. Hoshiyar Zebari) ക്ഷണം സ്വീകരിച്ചാണ് സന്ദർശനം .

2. ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറിൽ ഗൾഫ് യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യക്കാരെ ഇറാഖിൽ നിന്നും ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി അന്നത്തെ വിദേശകാര്യവകുപ്പ് മന്ത്രിയായിരുന്ന ശ്രീ ഐ. കെ ഗുജ്റാൾ നടത്തിയ ഇറാഖ് സന്ദർശനത്തിന് ശേഷം ഉന്നത തലത്തിൽ ഇന്ത്യയിൽ നിന്നും ഇറാഖ് സന്ദർശിക്കുന്നത് ഇതാദ്യമാണ്.

3. സന്ദർശനത്തോടനുബന്ധിച്ച് കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രി, ഇറാഖ് വിദേശകാര്യ വകുപ്പ് മന്ത്രി ആദരണീയനായ ശ്രീ ഹോഷ്യാർ സെബാരിയുമായി (H.E. Mr. Hoshyar Zebari) പൊതു താത്പര്യമുള്ള ഉഭയകക്ഷി, മേഖലാ, അന്താരാഷ്ട്ര വിഷയങ്ങളിൽ ചർച്ചകൾ നടത്തും. ഇറാഖ് പ്രധാനമന്ത്രി, കൌൺസിൽ ഓഫ് റെപ്രസന്റേറ്റീവ്സ് ചെയർമാൻ, ഇറാഖ് ഉപ പ്രധാനമന്ത്രി എന്നിവരുമായും കൂടിക്കാഴ്ച നടത്തും.

4. ലോകത്ത് ഏറ്റവും വലിയ മൂന്നാമത്തെ എണ്ണ ശേഖരം ഉള്ള രാജ്യമാണ് ഇറാഖ് , അതോടൊപ്പം ഇന്ത്യക്ക് ക്രൂഡ് ഓയിൽ നൽകുന്ന രണ്ടാമത്തെ വലിയ ദാതാവുമാണ് . ഇറാഖിൽ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന യുദ്ധാനന്തര വികസന പ്രക്രിയകളിലും പുനർനിർമാണത്തിലും ഇന്ത്യ പിന്തുണ നല്കുന്നുണ്ട്.

5. ഈ സന്ദർശനം നമ്മുടെ ഉഭയകക്ഷി ബന്ധങ്ങൾ ശക്തമാക്കുമെന്നും ഇരു രാജ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ കൂടുതൽ ഉന്നത തലത്തിലേക്ക്

എത്തിക്കുവാനും ഇരു രാജ്യങ്ങളിലേയും ജനങ്ങൾക്കു
ഉപകാരപ്പെടുമെന്നും പ്രേരകശക്തിയാകുമെന്നും പ്രതീക്ഷിക്കുന്നു.

**ന്യൂ ഡെൽഹി**
**ജൂൺ 16, 2013**